**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഏപ്രിൽ 13

# വാർത്താക്കുറിപ്പ്

---

## പരീക്ഷ മാറ്റി

ഏപ്രിൽ 19 ന് ആരംഭിക്കാനിരുന്ന മൂന്നാം സെമസ്റ്റർ എം.എ./ എം.എസ്.സി. / എം.കോം. / എം.സി.ജെ. / എം.ടി.എ. / എം.എച്ച്.എം. / എം.എം.എച്ച്. / എം.ടി.ടി.എം. (2020 അഡ്മിഷൻ - റെഗുലർ / 2019 അഡ്മിഷൻ - സപ്ലിമെന്ററി), എം.എസ്.ഡബ്ല്യൂ. (2019 അഡ്മിഷൻ - സപ്ലിമെന്ററി) - സി.എസ്.എസ്. പരീക്ഷകൾ ഏപ്രിൽ 25 ന് ആരംഭിക്കുന്ന വിധം പുന:ക്രമീകരിച്ചു. പരീക്ഷാ കേന്ദ്രങ്ങൾക്ക് മാറ്റമില്ല. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/454/2022)

## പരീക്ഷാ തീയതി

2021 അഡ്മിഷൻ അഡീഷണൽ ഇലക്ടീവ് / 2020 അഡ്മിഷൻ അഡീഷണൽ ഡിഗ്രി വിദ്യാർത്ഥികൾ ഏപ്രിൽ 20 ന് തുടങ്ങുന്ന ആറാം സെമസ്റ്റർ (സി.ബി.സി.എസ്. - 2019 അഡ്മിഷൻ - റെഗുലർ / 2017, 2018 അഡ്മിഷനുകൾ - റീ-അപ്പിയറൻസ് - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾക്കൊപ്പം പരീക്ഷ എഴുതേണ്ടതാണ്.

(പി.ആർ.ഒ./39/455/2022)

## പരീക്ഷാ ഫീസ്

ഒന്നാം സെമസ്റ്റർ ബി.എച്ച്.എം. (പുതിയ സ്കീം - 2021 അഡ്മിഷൻ - റെഗുലർ / 2020 അഡ്മിഷൻ - സപ്ലിമെന്ററി, പഴയ സ്കീം - 2013-2019 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾ ഏപ്രിൽ 28 ന് ആരംഭിക്കും. പിഴയില്ലാതെ ഏപ്രിൽ 18 വരെയും 525 രൂപ പിഴയോടു കൂടി ഏപ്രിൽ 19 നും 1050 രൂപ സൂപ്പർഫൈനോടു കൂടി ഏപ്രിൽ 20 നും അപേക്ഷിക്കാം.

(പി.ആർ.ഒ./39/456/2022)

## വൈവാ വോസി

നാലാം സെമസ്റ്റർ എം.എ. മലയാളം - പ്രൈവറ്റ് രജിസ്ട്രേഷൻ (2019 അഡ്മിഷൻ - റെഗുലർ) ജനുവരി 2022 പരീക്ഷയുടെ വൈവ വോസി പരീക്ഷ ഏപ്രിൽ 18 ന് മഹാത്മാഗാന്ധി സർവ്വകലാശാല, പരീക്ഷാഭവനിൽ നടക്കും. വിശദമായ ടൈംടേബിളും വിവരങ്ങളും സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/457/2022)

2021 ഡിസംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ബി.എ. (2020 അഡ്മിഷൻ - റെഗുലർ / 2019 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷയുടെ വൈവാ വോസി പരീക്ഷ ഏപ്രിൽ 21 മുതൽ 30 വരെ വിവിധ കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/458/2022)

## പരീക്ഷാ ഫലം

നവംബറിൽ ഐ.ഐ.ആർ.ബി.എസ്. നടത്തിയ രണ്ടാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് എം.എസ്.സി. - കെമിസ്ട്രി / ഫിസിക്സ് / ലൈഫ് സയൻസ് / കമ്പ്യൂട്ടർ സയൻസ് - 2020-2025 ബാച്ച്) (സയൻസ് ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

(പി.ആർ.ഒ./39/459/2022)

2020 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്.സി. ബോട്ടണി (നോൺ-സി.എസ്.എസ്. - സ്പെഷ്യൽ മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ 27.

(പി.ആർ.ഒ./39/460/2022)

2021 സെപ്റ്റംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.ബി.എ. (2019 അഡ്മിഷൻ - റെഗുലർ) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷ യഥാക്രമം പേപ്പറൊന്നിന് 790 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച രസീത് സഹിതം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ലഭിക്കേണ്ട അവസാനതീയതി ഏപ്രിൽ 28. അപേക്ഷാഫോറത്തിന്റെ വില 30 രൂപ അധികമായി നൽകണം.

(പി.ആർ.ഒ./39/461/2022)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ